**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **22-07-2021 - ൽ മറുപടിയ്ക്ക്**

**ബീഡി തെറുപ്പ് വ്യവസായത്തിന്റെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | യന്ത്രവത്കൃതമായി നിർമ്മിച്ചിട്ടുള്ള സിഗരറ്റ് ഉൽപ്പന്നങ്ങൾക്കുള്ള 28% നികുതിയാണ് കുടിൽ വ്യവസായമായി നിർമ്മിക്കുന്ന ബീഡി ഉൽപ്പന്നങ്ങൾക്കും നിലവിലുള്ളതായ സാഹചര്യത്തിൽ ബീഡി തെറുപ്പ് വ്യവസായത്തിന്റെ നിലനിൽപ്പിനായി ബീഡി ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ; | (എ) | പുകയില മേഖലയിലെ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനും, തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും വേണ്ടി കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം സർക്കാരിന് ഒടുക്കിയ വില്പന നികുതി/ചരക്ക് സേവന നികുതി, പ്രവർത്തന മൂലധനമായി ഉപയോഗിക്കുന്നതിന് സർക്കാർ മടക്കി നൽകുന്നു. 2016 - 17 വർഷത്തിൽ 8 കോടി രൂപയും 2017 – 18 വർഷത്തിൽ 4 കോടി രൂപയും ഈ ഇനത്തിൽ മടക്കി നൽകിയിട്ടുണ്ട്. |
| (ബി) | ബീഡി തെറുപ്പ് വ്യവസായത്തിന്റെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; | (ബി) | പ്രത്യേക പദ്ധതി നിലവിൽ ഇല്ല. |
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് പോലീസ് വകുപ്പിന്റേയും നികുതി വകുപ്പിന്റേയും സഹായം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ